**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3176</u>** **<u>25-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | നിലവിലെ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും ശാസ്ത്രീയമായി വിശകലനം ചെയ്ത് എസ്.സി.ഇ.ആർ.ടി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതികരംഗത്തും വൈജ്ഞാനിക മേഖലയിലും ഉണ്ടായ ദ്രുതഗതിയിലുള്ള വികാസത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്. കൂടാതെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിലുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ദേശീയ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രത്യേക സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സമയബന്ധിത |
| (സി) | പുതിയ പാഠ്യപദ്ധതിയിൽ സ്ത്രീ സമത്വം, സ്ത്രീധന നിരോധനം തുടങ്ങിയ സാമൂഹ്യ വിഷയങ്ങൾ ഉൾപ്പെടുത്തുവാനും മതസ്പർദ്ധ വളർത്തുന്ന ആശയങ്ങൾ കടന്ന് കൂടാതിരിക്കുവാനും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | പുതിയ പാഠ്യപദ്ധതിയിൽ സാമൂഹ്യ വിഷയങ്ങളായ സ്ത്രീ സമത്വം, സ്ത്രീധന നിരോധനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്. കൂടാതെ ജനാധിപത്യ മതേതര കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനുള്ള പാഠഭാഗങ്ങളും ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | പുതിയ പാഠ്യപദ്ധതി എന്നത്തേക്ക് നിലവിൽ വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം സമയബന്ധിതമായി പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ